**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5099** — **23-03-2018 ലെ മറുപടി**

**ചടയമംഗലം മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മുല്ലക്കര രത്നാകരൻ** | | **മാത്യു.ടി.തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) | ചടയമംഗലം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് പ്രവൃത്തി നടന്നുവരുന്ന വിവിധ പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | **ജലസേചന വകുപ്പ്**<br>• ഇട്ടിവ പഞ്ചായത്തിൽ കോട്ടുക്കൽ കൃഷി ഫാമിന് സമീപം ഇത്തിക്കര ആറിനു കുറുകെ നബാർഡിന്റെ സഹായത്താലുള്ള ചെക്ക് ഡാമിന്റെ നിർമ്മാണം - പ്രവൃത്തി പൂർത്തീകരണഘട്ടത്തിലാണ്.<br>• ചടയമംഗലം പഞ്ചായത്തിൽ കഴിയം ജല അതോറിറ്റി പമ്പ് ഹൗസിനു സമീപം ഇത്തിക്കര ആറിനു കുറുകെ തടയണ നിർമ്മാണം- പ്രവൃത്തി പുരോഗതിയിലാണ്<br>• ചടയമംഗലം പഞ്ചായത്തിൽ പൂങ്കോട് ജല അതോറിറ്റി പമ്പ് ഹൗസിന് സമീപം തടയണ നിർമ്മാണം - പ്രവൃത്തി പുരോഗതിയിലാണ്<br>• പദ്ധതി സംരക്ഷണം - ചടയമംഗലം പഞ്ചായത്തിൽ ഇത്തിക്കര ആറിനു കുറുകെയുള്ള തടയണയുടെ (കഴിയം പമ്പ് ഹൗസിനു സമീപം) സമീപമുള്ള ആറിന്റെ വശങ്ങളുടെ സംരക്ഷണം<br>• പദ്ധതി സംരക്ഷണം - ചടയമംഗലം പഞ്ചായത്തിൽ ഇത്തിക്കര ആറിനു കുറുകെയുള്ള തടയണയുടെ (പൂങ്കോട് പുത്തൻവിള ജല അതോറിറ്റി പമ്പ് ഹൗസിനു സമീപം) സമീപമുള്ള ആറിന്റെ വശങ്ങളുടെ സംരക്ഷണം<br>ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി താഴെപ്പറയുന്ന 5 കുളങ്ങളുടെ നവീകരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി. ടെൻഡർ നടപടികൾ പൂർത്തീകരിച്ചു.<br>• നിലമേൽ പഞ്ചായത്തിലെ പാപ്പനംകോട് കുളത്തിന്റെ നവീകരണം<br>• ചിതറ പഞ്ചായത്തിലെ ആയിരക്കുഴി കുളത്തിന്റെ നവീകരണം<br>• കടയ്ക്കൽ പഞ്ചായത്തിലെ മറുപുറം കുളത്തിന്റെ നവീകരണം |

| | | | |
|---|---|---|---|
| | | | • ഇട്ടിവ പഞ്ചായത്തിലെ മണലുവട്ടം കുളത്തിന്റെ നവീകരണം<br>• വെളിനല്ലൂർ പഞ്ചായത്തിലെ നെഉമാംകോട് ചിറയുടെ നവീകരണം<br>**കേരള ജല അതോറിറ്റി**<br>ചടയമംഗലം നിയോജകമണ്ഡലത്തിൽ ഇട്ടിവ പഞ്ചായത്തിനു പ്രയോജനം ലഭിക്കുന്ന കുളത്തുപ്പുഴ കുടിവെള്ള പദ്ധതിയും വെളിനല്ലൂർ പഞ്ചായത്തിനു പ്രയോജനം ലഭിക്കുന്ന കല്ലുവാതുക്കൽ, പാരിപ്പള്ളി; വെളിനല്ലൂർ കുടിവെള്ള പദ്ധതിയും നടന്നു വരുന്നു. വിശദാംശം **അനുബന്ധമായി** ചേർത്തിരിക്കുന്നു.<br>**പദ്ധതി വിഭാഗം 2**<br>ചടയമംഗലം നിയോജകമണ്ഡലത്തിൽ വരുന്ന വെളിനെല്ലൂർ പഞ്ചായത്തിന്റെ പരിധിയിൽ ഓയൂർ ബ്രാഞ്ച് കനാലിന്റെ ചെ. 4500 മീറ്റർ മുതൽ 7275 മീറ്റർ വരെയുള്ള ഭാഗം കനാൽ വൃത്തിയാക്കുന്നതിന്റെ പ്രവൃത്തി ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>**ഭൂജലവകുപ്പ്**<br>2016-2017 സാമ്പത്തിക വർഷം ഭൂജലവകുപ്പ് ചടയമംഗലം നിയോജക മണ്ഡലത്തിലെ നിലമേൽ ഗ്രാമപഞ്ചായത്തിൽ 4 കുഴൽക്കിണർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ ജലലഭ്യത കൂടുതലുള്ള വേയ്ക്കൽ വാർഡിലെ വട്ടപ്പാറ, ആലുകുന്ന് എന്നീ പ്രദേശങ്ങളിൽ ചെറുകിട കുടിവെള്ള പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ 2017 ലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ചടയമംഗലം നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി 81 കൈപമ്പ് ഘടിപ്പിച്ച കുഴൽക്കിണറുകൾ നവീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. |
| (ബി) | 2018-19 വർഷത്തിൽ പുതിയ ഏതെങ്കിലും പദ്ധതികൾക്ക് അനുവാദം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | 2018-19 വർഷത്തിൽ ചടയമംഗലം നിയോജക മണ്ഡലത്തിൽ പുതിയ പ്രവൃത്തികൾക്ക് ഇപ്പോൾ അനുവാദം നൽകിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## കേരള ജല അതോറിറ്റി

a) കുളത്തൂപ്പുഴയ്ക്കും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി

പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചിട്ടുള്ളതാണ്. ഘട്ടം രണ്ടിന്റെ പണികൾ നടന്നു വരുന്നു. NRDWP ഫണ്ടിന്റെ അപര്യാപ്തത മൂലം ഘട്ടം രണ്ടിന്റെ പണികൾ വൈകുന്നു.

1. സോൺ 2 ലെയും സോൺ 2A-ലെയും വിതരണശൃംഖല സ്ഥാപിക്കൽ - പൂർത്തീകരിച്ചു.
2. ഭാരതീപുരത്ത് നിന്നും തോട്ടുമുക്കം ജലസംഭരണി വരെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നു വരുന്നു. – 32% പൂർത്തീകരിച്ചു.
3. തോട്ടുമുക്കത്ത് 3.4LL ശേഷിയുള്ള ജലസംഭരണി, സോൺ-III വിതരണ ശൃംഖല (ഇട്ടിവ പഞ്ചായത്ത് ഭാഗീകമായി) – പ്രവൃത്തികൾക്ക് state plan-ൽ ഉൾപ്പെടുത്തി 410 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
4. തോട്ടുമുക്കം സംഭരണിയിൽ നിന്നും വാപ്പിക്കോണം സംഭരണിയിലേയ്ക്ക് പൈപ്പ് ലൈൻ സ്ഥാപിക്കൽ, വാപ്പിക്കോണത്ത് 4LL ശേഷിയുള്ള ഉപരിതല സംഭരണി നിർമ്മാണം Zone –IV (വിതരണ ശൃംഖല സ്ഥാപിക്കൽ (ഇട്ടിവ പഞ്ചായത്ത്) – NRDWP ഫണ്ടിന്റെ അപര്യാപ്തത മൂലം ഈ പ്രവൃത്തികൾക്ക് DSR 2016 പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. അനുയോജ്യമായ ഫണ്ട് കണ്ടെത്തുന്നുണ്ട്.

b) കല്ലുവാതുക്കൽ, പാരിപ്പള്ളി, വെളിനല്ലൂർ കുടിവെള്ള പദ്ധതി ഘട്ടം I

പാക്കേജ് –I കിണർ, റോ വാട്ടർ പമ്പിംഗ് മെയിൻ റോ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കൽ ഉൾപ്പെട്ട പ്രവൃത്തി കിണർ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പണികൾ കരാർ ക്ഷണിച്ച് ആരംഭിക്കുന്നതാണ്.

പാക്കേജ് –II 7.5 MLD ജലശുദ്ധീകരണശാല കാട്ടുപുറത്ത് 9LL ജലസംഭരണി നിർമ്മാണം, 350mm DI K9 ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ (വാട്ടർ ട്രീറ്റ്മെൻറ് പ്ലാൻറ് സമ്പിൽ നിന്നും, OHSR വരെ 250mm DI K9 ഗ്രാവിറ്റി മെയിൻ (വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് മുതൽ കല്ലുവാതുക്കൽ ഉപരിതലസംഭരണി വരെ), കല്ലുവാതുക്കലിൽ 11.3LL ഉപരിതല സംഭരണി നിർമ്മാണം – ഈ പ്രവൃത്തികളും എസ്റ്റിമേറ്റ് DSR 2016 പ്രകാരം പുതുക്കി തയ്യാറാക്കി വരുന്നു. ജലസംഭരണിയുടെ സ്ഥലം ലഭിക്കേണ്ടതുണ്ട്.

പാക്കേജ്–III മണ്ണയത്ത് പുതിയ തടയണ നിർമ്മാണം – ഇറിഗേഷൻ വകുപ്പിൽ നിന്നും സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതാണ്.

പാക്കേജ്–IV വെളിനല്ലൂരിൽ നിലവിലുള്ള 1.5 MLD Slow Sand Filter ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പുനരുദ്ധാരണം എഗ്രിമെന്റ് വച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ പ്രാരംഭഘട്ടത്തിലാണ്.

പാക്കേജ്–V അട്ടുതലയിൽ ഉള്ള ഇറിഗേഷൻ വകുപ്പിന്റെ തടയണയുടെ ശാക്തീകരണം – ഇറിഗേഷൻ വകുപ്പിൽ നിന്നും സാങ്കേതികാനുമതിയും എസ്റ്റിമേറ്റ് അനുമതിയും ലഭിക്കേണ്ടതുണ്ട്.

സെക്ഷൻ ഓഫീസർ

GAP
156